കോഴിക്കോട് ജില്ലയിലെ വൻകിട-ചെറുകിട വ്യവസായ സ്ഥാപനങ്ങൾ

14 [3453] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ എത്ര വൻകിട-ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്; അവ ഏതെല്ലാം എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതേത്തുടർന്ന് എത്ര തൊഴിലാളികൾക്ക് ജോലി ലഭിച്ചിട്ടുണ്ട്; സ്ഥിരം തൊഴിലാളികൾ/താൽക്കാലിക തൊഴിലാളികൾ എന്നിങ്ങനെ വേർതിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ)&(ബി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ 2933 ചെറുകിട വ്യവസായ യൂണിറ്റുകൾ വ്യവസായ വാണിജ്യ വകുപ്പ് മുഖേന രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൃഷി അധിഷ്ഠിത വ്യവസായങ്ങൾ, വനഅടിസ്ഥാന വ്യവസായങ്ങൾ, ഭക്ഷ്യ അടിസ്ഥാന വ്യവസായങ്ങൾ, റെഡിമെയ്ഡ് ഗാർമെന്റ്സ്, ബിൽഡിംഗ് മെറ്റീരിയൽസ്, പ്ലാസ്റ്റിക് റബ്ബർ അടിസ്ഥാന വ്യവസായങ്ങൾ, സോഫ്റ്റ്വെയർ ഡവലപ്മെന്റ്, സോപ്പ്നിർമ്മാണ യൂണിറ്റ്, പേപ്പർ കപ്പ്, ഫ്ളവർ മിൽ തുടങ്ങിയ മേഖലയിലുള്ള വ്യവസായങ്ങളാണ് പ്രധാനമായും രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതേത്തുടർന്ന് കോഴിക്കോട് ജില്ലയിൽ അംഗീകൃത ചെറുകിട വ്യവസായ യൂണിറ്റുകളിൽ 8789 തൊഴിലാളികൾക്ക് സ്ഥിരം ജോലി ലഭിച്ചിട്ടുണ്ട്. കൂടാതെ കോഴിക്കോട് ജില്ലയിൽ കേരള സ്റ്റേറ്റ് ഇൻഡസ്ടിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ സഹകരണത്തോടെ സാജ് ഫ്ളൈറ്റ് സർവീസസ് പ്രൈ. ലി. എന്ന ഒരു ഇടത്തരം വ്യവസായ സ്ഥാപനം ആരംഭിച്ചിട്ടുണ്ട്. ഇവിടെ 86 തൊഴിലാളികൾ ജോലി ചെയ്യുന്നു.

കേരളത്തിൽ സ്വർണ്ണ നിക്ഷേപം കണ്ടെത്താൻ അടിയന്തിര നടപടികൾ

15 [3454] *ശ്രീ. ജോണി നെല്ലൂർ.*

,, *ടി. എം. ജേക്കബ്:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പല ഭാഗത്തും സ്വർണ്ണ നിക്ഷേപം ഉണ്ട് എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ട്മെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) കേരളത്തിൽ സ്വർണ്ണ നിക്ഷേപം ഉണ്ടെങ്കിൽ അതു കണ്ടെത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) ഉണ്ട്. ഈ നിക്ഷേപങ്ങൾ സാമ്പത്തിക ലാഭാടിസ്ഥാനത്തിൽ ഖനനം ചെയ്യുവാനുള്ള സാദ്ധ്യതകളെപ്പറ്റി ജിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ, കർണ്ണാടകയിലുള്ള ഹട്ടി ഗോൾഡ് മൈൻസ് എന്നിവയുമായി ചേർന്ന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഒരു രൂപരേഖ തയ്യാറാക്കുവാൻ നടപടികൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ കേരളത്തിൽ ജിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യയുമായി ചേർന്ന് വയനാട്, നിലമ്പൂർ പ്രദേശങ്ങളിൽ ഒരു സംയുക്ത പര്യവേഷണം 2005-06 ഫീൽഡ് സീസണിൽ തുടങ്ങുന്നതിന് സമർപ്പിച്ച പദ്ധതി സെൻട്രൽ ജിയോളജിക്കൽ പ്രോഗ്രാമിംഗ് ബോർഡ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

അട്ടപ്പാടിയിൽ സ്വർണ്ണ നിക്ഷേപം ഉള്ള പഞ്ചായത്തുകളും പ്രദേശങ്ങളും

16 [3455] *ശ്രീ. കളത്തിൽ അബ്ദുള്ള*: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ സ്വർണ്ണ നിക്ഷേപം കണ്ടെത്തിയിരിക്കുന്ന പഞ്ചായത്തുകളും പ്രദേശങ്ങളും ഏതെല്ലാമാണ്;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ എത്രമാത്രം നിക്ഷേപങ്ങൾ ഉണ്ടെന്ന് കണ്ടുപിടിച്ചിട്ടുണ്ടോ;

(സി) ഇവ സംസ്ക്കരിച്ചെടുക്കുന്നത് ലാഭകരമാണോ;

(ഡി) എങ്കിൽ ഇത് സംസ്ക്കരിച്ചെടുക്കാൻ സത്വര നടപടി സ്വീകരിക്കുമോ;

(ഇ) ഇവ സംസ്ക്കരിച്ചെടുക്കുന്നത് ലാഭകരമല്ലെങ്കിൽ, ലാഭകരമായി ഇവയുടെ സംസ്ക്കരണം നടത്തുന്നതിനുള്ള വഴി ഗവൺമെന്റ് ആലോചിക്കുമോ?

ഉത്തരം

(എ) അട്ടപ്പാടിയിലെ അഗളി, കൊട്ടത്തറ, ഷോളയൂർ എന്നീ പഞ്ചായത്തുകളിൽപ്പെട്ട പോത്തുപ്പാടി, കൽക്കണ്ടി, കുടെപ്പട്ടി, കുറുക്കൻകുന്ന്-കല്ലുമല, പുട്ടുമല, കോട്ടത്തറ, മുണ്ടയൂർ, കള്ളക്കര, വണ്ണാതുറ എന്നീ ഭാഗങ്ങളിലും കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ മുതുകുളം ഭാഗത്തും സ്വർണ്ണ നിക്ഷേപം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) അട്ടപ്പാടിയിലെ പുട്ടുമലയിൽ ടണ്ണിന് 14.99 ഗ്രാം എന്ന തോതിൽ 0.08 ദശലക്ഷം ടൺ അയിരും, കൊട്ടത്തറയിൽ ടണ്ണിന് 12.98 ഗ്രാം എന്ന തോതിൽ 0.0067 ദശലക്ഷം ടൺ അയിരും ജിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ നടത്തിയ പഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. ഇത് കൂടാതെ മുണ്ടയൂരിൽ ടണ്ണിന് 0.88 ഗ്രാം എന്ന തോതിലും കള്ളക്കരയിൽ ടണ്ണിന് 1 മുതൽ 25 ഗ്രാം വരെ എന്ന തോതിലും, വണ്ണാത്തറയിൽ ടണ്ണിന് 1.8 മുതൽ 4.4 ഗ്രാം വരെ എന്ന തോതിലും

LIBRARY ARCHIVES Kerala Legislative Assembly